# മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

# സോഷ്യൽ ഓഡിററ് സൊസൈററി, കേരള.

## ആലപ്പുഴ ജില്ല

## സോഷ്യൽ ഓഡിററ് റിപ്പോർട്ട്

1/10/2019-31/03/2019

ബ്ലോക്ക് കഞ്ഞിക്കുഴി

ഗ്രാമ പഞ്ചായത്ത് ചേർത്തല സൌത്ത്

വാർഡ് 12 ,മായിത്തറ

## ഉള്ളടക്കം


1. സോഷ്യൽ ഓഡിറ്റ്......................................................3
2. പ്രവർത്തികൾ............................................................4
3. 7 രജിസ്റ്ററുകൾ..........................................................6
4. ഫയൽ പരിശോധന.....................................................8
5. ഫീൽഡ് പരിശോധന..................................................13
6. അവകാശ നിഷേധങ്ങൾ...........................................18
7. നിരീക്ഷണങ്ങളും കണ്ടെത്തലുകളും.....................19
8. ഏറ്റെടുക്കാവുന്ന പ്രവർത്തികൾ.........................20
9. ഗ്രാമസഭ മിനുട്സ്.......................................................21

സോഷ്യൽ ഓഡിറ്റ്

ഒരു ഗവൺമെൻറ് പദ്ധതിയുടെ നടത്തിപ്പിലൂടെ അവയുടെ പ്രഖ്യാപിത ലക്ഷ്യം എത്രത്തോളം കൈവരിക്കാൻ സാധിച്ചുവെന്നും അതിലൂടെ ഉണ്ടായ സാമൂഹ്യനേട്ടവും, പ്രശസ്തിയും എത്രമാത്രമാണെന്ന് പൊതുസമൂഹം നേരിട്ട് നടത്തുന്ന അന്വേഷണവും, കണക്കെടുപ്പും,പരിശോധനയും,വിലയിരുത്തലുമാണ് സോഷ്യൽ ഓഡിറ്റ്. പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും പൊതുപദ്ധതികളുടെ നടത്തിപ്പും ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ നടപ്പാക്കുന്നതിനും പൊതു ഭരണം ജനസൌഹാർദ്ദപരമാക്കുന്നതിനും വേണ്ടിയുള്ള ജാഗ്രതയാണ് സോഷ്യൽ ഓഡിറ്റ്.

മറ്റ് പദ്ധതികളിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റാണ്. തൊഴിലുറപ്പ് നിയമത്തിന്റെ 17(2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും 6 മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കേണ്ടതാണ്.

സോഷ്യൽ ഓഡിറ്റിനുവേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കുക, രജിസ്റ്ററുകളും റെക്കോഡുകളും ലഭ്യമാക്കുക എന്നിവ ഗ്രാമപഞ്ചായത്തിൻറെ ചുമതലകളാണ്.

മഹാത്മാഗാന്ധി ദേശിയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ സുഗമവും, സുതാര്യവുമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ് (as per G.O (Rt) No.3906/2015/LSGD,Dated 30.12.2015) 31.01.2017 ൽ

നിലവിൽ വന്നു. യൂണിറ്റ് ട്രാവൻകൂർ കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955(No.TVM/TC/123/2017) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

ചേർത്തല തെക്ക് പഞ്ചായത്ത് w-12 ൽ 1/10/2018 മുതൽ 31/03/2019 വരെ പൂർത്തീകരിച്ച 14 പ്രവർത്തികളാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിട്ടുള്ളത്.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | സോഷ്യൽ ഓഡിററിന് വിധേയമാക്കിയ പ്രവർത്തികൾ | ആരംഭിച്ച തിയതി | അവസാനിച്ച തിയതി |
|---|---|---|---|---|
| 1. | കുറുപ്പം വീട് ഭാഗം വൃക്ഷ തൈ നടീൽ IF/261515 | | | 24/6/2018 |
| 2. | കുറുപ്പം വീട് ഭാഗംബ്ലോക്ക് പ്ലാൻറ്റേഷൻ IF/344646 | | | 24/7/2018 |
| 3. | ഇടത്തോടത്ത് ഭാഗംബ്ലോക്ക് പ്ലാൻറ്റേഷൻIF/344652 | | | 24/7/2018 |
| 4. | മായിത്തറ ഭാഗംബ്ലോക്ക് പ്ലാൻറ്റേഷൻ IF/344648 | | | 24/7/2018 |
| 5. | പ്ലാക്കുഴി ഭാഗംബ്ലോക്ക് പ്ലാൻറ്റേഷൻ IF/263627 | | | 24/7/2018 |
| 6. | തോണ്ടൽവെ ഭാഗംബ്ലോക്ക് പ്ലാൻറ്റേഷൻIF/344649 | | | 24/7/2018 |
| 7. | പള്ളത്ത്-പോക്കലപടംതോട് വെട്ടിവസങ്ങളിൽതീറ്റപ്പുൽവച്ച്പിടിപ്പിക്കല്WH/317590 | | | 22/10/2018 |
| 8. | എ ആഎസ്കനാൽപ്ലാക്കുഴിതോടെ വെട്ടിവശ്ഗളില്തീറ്റപ്പുൽവച്ച്പിടിപ്പിക്കല് WH/320259 | | | 8/2/2018 |
| | | | | |
| 9. | കുറുപ്പംവീട്ഭാഗംഇടത്തോട് വെട്ടിവസങ്ങളിൽതീറ്റപ്പുൽവച്ച് പിടിപ്പിക്കൽWH/320258 | | | 20/12/2018 |
| 10. | പ്ലാക്കുഴിഭാഗംതീറ്റപ്പുല്കൃഷി DP/275912 | | | 18/1/2019 |
| 11.. | കുറുപ്പംവീട്ഭാഗംതീറ്റപ്പുൽകൃഷി DP/275822 | | | 18/1/2019 |
| 12. | കോഞ്ചേരി മീകുഴിപാടംതോട് വെട്ടിതീറ്റപ്പുൽനടീല് WH/320564 | | | 18/1/2019 |
| 13 | മായിത്തറഭാഗംതരിശുപറമ്പ്കൃഷിയോഗ്യമക്കല് LD/330704 | | | 8/03/2019 |
| 14. | ശാന്ത, കാട്ടിത്തറ IHHL RS/341551 | | | 29/12/2019 |

***മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം(2005) പ്രകാരം***

***പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്*** .

1. *തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ*
2. *ഗ്രാമസഭ സോഷ്യൽഓഡിറ്റ് മീറ്റിംഗ് രജിസ്റ്റർ*
3. *തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ*
4. *പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദശാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ*
5. *സ്ഥിര ആസ്തികളുടെ രജിസ്റ്റർ*
6. *പരാതി രജിസ്റ്റർ*
7. *സാധന രജിസ്റ്റർ*

## ***പഞ്ചായത്തിലെ 7 രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ കാര്യങ്ങൾ***

1. ***തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ***
    - *സെക്രട്ടറി സർട്ടിഫൈ ചെയ്ത കവർ പേജ് രജിസ്റ്ററിനു ഉണ്ടായിരുന്നു.*
    - *പാർട്ട് എ,ബി,സി,ഡി എന്നീ ഫോർമാറ്റുകൾ എം.ഐ.എസിൽ നിന്നും പ്രിന്റ് എടുത്ത് സൂക്ഷിച്ചിരുന്നു.*
2. ***ഗ്രാമസഭ സോഷ്യൽഓഡിറ്റ് മീറ്റിംഗ് രജിസ്റ്റർ***
    - *രജിസ്റ്ററിന്റെ കവർ പേജിൽ സെക്രട്ടറി ഒപ്പും സീലും രേഖപ്പെടുത്തിയിട്ടില്ല.*
    - *സെക്രട്ടറി പേജുകൾ സാക്ഷ്യപെടുത്തിയിട്ടില്ല.*
    - *ഈ സാമ്പത്തിക വർഷത്തിൽ നടന്ന തൊഴിലാളി ഗ്രാമസഭയുടെ മിനുറ്റ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.*
    - *ലൈഫ്,ബ്ലോക്ക് പ്ലന്റഷന്,നിലം ഒരുക്കൽ,തോട് പുനരുദ്ധാരണം,ആട്ടിന്കൂട്,കാലിത്തൊഴുത്തു,കോഴിക്കൂട് നിർമ്മാണം,നഴ്സറി നിർമ്മാണം,ഭൂവികസന പ്രവർത്തികൾ തുടങ്ങിയ പ്രവർത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്.*
    - *സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനുറ്റ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.*
    - *പ്രവർത്തികളുടെ പേര് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരുന്നു.*
    - *വ്യക്തിഗത ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.*
3. ***തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച***

***<u>രജിസ്റ്റർ</u>***

- *കവർപേജ് ഉണ്ടായിരുന്നു*
- *എം.ഐ.എസ് പകർപ്പ് തുടങ്ങിയവ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരുന്നു*

4. ***<u>പ്രവർത്തിയുടെ ചിലവും വിശദശാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ</u>***
   - *കവർപേജ് ഉണ്ടായിരുന്നു.*
   - *എം.ഐ.എസ് പകർപ്പ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരുന്നു.*
5. ***<u>സ്ഥിര ആസ്തികളുടെ രജിസ്റ്റർ</u>***
   - *കവർപേജ് ഉണ്ടായിരുന്നു*
   - *വാർഡുകളിലെ അസെറ്റുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്*
6. ***<u>പരാതി രജിസ്റ്റർ</u>***
   - *പരാതി രജിസ്റ്ററിൽ സെക്രട്ടറി സർട്ടിഫൈ ചെയ്ത കവർപേജ് ഉണ്ടായിരുന്നു*
7. ***<u>സാധന രജിസ്റ്റർ</u>***
   - *കവർപേജ് ഉൾപ്പെടുത്തിയിരുന്നു*
   - *2018 -2019 വർഷത്തെ രജിസ്റ്ററിൽ ആ വർഷം നടപ്പിലാക്കിയ മിക്ക പദ്ധതികളും കണ്ടെത്താൻ സാധിച്ചു*
     *എം ഐ എസിൽ നിന്നും വിവരങ്ങൾ പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടുണ്ട്.*

ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ

1. കവർപേജ് AMC പ്രകാരമുള്ള കവർ പേജ്, പരിശോധിച്ച 14ഫയലു
2. കളിലും ഉണ്ടായിരുന്നു.പ്രവർത്തിയുടെപേര്, പ്രവർത്തി അംഗീകരിച്ച

   വർഷം, ലൊക്കേഷൻ, പദ്ധതി നിർവ്വഹണ ഏജൻസി, കാറ്റഗറി, പ്രവർത്തി

   ആരംഭിച്ച തിയതി, എസ്റ്റിമേറ്റ് തുക, അവസാനിച്ച തിയതി, ചിലവായ

   തുക, ബ്ലോക്ക്, പഞ്ചായത്ത്, അസംബ്ലി നിയോജക മണ്ഡലം ,മേറ്റിന്റെ

   പേര് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

   Geo Tag, സാങ്കേതിക വിദഗ്ദ്ധന്റെ പേര്, സോഷ്യൽ ഓഡിറ്റ്

   എന്നീ രേഖപ്പെടുത്തലുകൾ 15 ഫയലിലും ഉണ്ടായിരുന്നില്ല.

3. ചെക്ക് ലിസ്റ്റ് _15 ഫയലിലും പേജ് നമ്പർ രേഖപ്പെടുത്തിയ ചെക്ക്

   -- ലിസ്റ്റ് ഉണ്ടായിരുന്നു.

3. വാർഷിക കർമ്മ പദ്ധതി _ ആക്ഷൻ പ്ലാനിൽ പദ്ധതിയുടെ പേര് ഉൾപ്പെടുന്ന പേജിന്റെ പകർപ്പ് എല്ലാ ഫയലിലും ഉണ്ടായിരുന്നു.

4. എസ്റ്റിമേറ്റ്-
കവർ പേജ്, വിശദമായ എസ്റ്റിമേറ്റിൽ അക്രഡിറ്റഡ് എൻജിനിയർ തിയതിയില്ലാതെ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. Rate analysis,Estimate report ,drawing and design,survey data എന്നിവ ഉണ്ടായിരുന്നില്ല. എസ്റ്റി മേറ്റ് ജനകീയ ഭാഷയിൽ ആയിരുന്നില്ല.

പ്രവർത്തി എവിടെയൊക്കെ നടക്കുന്നുവെന്നുള്ള സർവെ നമ്പർ ഉൾപ്പടെയു ള്ളവിവരങ്ങൾ ഫയലിൽ ഉണ്ടായിരുന്നു.

5. സാങ്കേതികാനുമതി-സാങ്കേതികാനുമതിയിൽ LSGD AE എന്നിവർ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടുണ്ട്.

6. ഭരണാനുമതി-പഞ്ചായത്ത് കമ്മറ്റിയുടെ ഭരണാനുമതി, (സെക്രട്ടറിയുടെ ഒപ്പ്, സീൽ, ഭരണാനുമതി നമ്പർ തിയതി ഉൾപ്പെടെ) ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

7.സംയോജിത പദ്ധതിയുടെ വിവരങ്ങൾ
സംയോജിത പദ്ധതിയുടെ ഫയൽ പരിശോധിച്ചിട്ടില്ല.

8. ഡിമാന്റ് ഫോറം-
അനുഛേദം Bപ്രകാരമുള്ള ഡിമാന്റ് ഫോറം ഒരു ഫയലിലും ഉണ്ടായിരുന്നില്ല. ഗ്രൂപ്പായി തൊഴിൽ ആവശ്യപ്പെടുന്ന ഫോമിൽ തിയതി രേഖപ്പെടുത്തക യോ, കൈപ്പറ്റ് രസീത് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

9. വർക്ക് അലോക്കേഷൻ ഫോറം.
അനുഛേദപ്രകാരമുള്ളവർക്ക് അലോക്കേഷൻ ഫോം ഉണ്ടായിരുന്നു. തിയതി രേഖപ്പെടുത്തിയിട്ടില്ലായിരുന്നു.

10.E-Muster Roll-
BDO ,പഞ്ചായത്ത് സെക്രട്ടറി എന്നിവർ തിയതിയില്ലാതെ ഒപ്പും സീല്ലും രേഖപ്പെടുത്തിയിട്ടുണ്ട്.തൊഴിൽ ചെയ്ത തിയതി, ആകെ തൊഴിൽ ചെയ്ത ദിനങ്ങൾ, ആകെ വേതനം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
ദിവസം ഒരു പ്രാവശ്യം മാത്രം തൊഴിലാളികൾ ഹാജർ രേഖപ്പെടുത്തുന്നു.തൊഴിലുപകരണങ്ങളുടെ വാടക രേഖപ്പെടുത്തിയിരുന്നില്ല
M. Roll ൽ മേറ്റും ഓവർസിയറും തീയതിയില്ലാതെ ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നു.

11.M- Book
പരിശോധിച്ച എല്ലാ ഫയലിലും M. Book ഉണ്ടായിരുന്നു.
സെക്രട്ടറിcertify ചെയ്തിരുന്നില്ല.work code,ASNo.,TS No., രേഖപ്പെടുത്തിയിരുന്നില്ല. അക്രെഡിറ്റഡ് എൻജിനീയർ ,ഓവർസിയർ, എന്നിവർ ഒപ്പും സീലും രേഖപ്പെടുത്തുകയും പഞ്ചായത്ത് സെക്രട്ടറി തുക പാസ്സാക്കുകയും

ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് തുകയും യഥാർത്ഥ ചിലവും തമ്മിലുള്ള

വ്യത്യാസം രേഖപ്പെടുത്തിയിട്ടില്ല.

12. മെറ്റീരിയൽവാങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ-
മെറ്റീരിയൽ ഉൾപ്പെട്ട പ്രവർത്തി ഫയലുകൾ( സിറ്റിസൺ

ഇൻഫോർമേഷൻ ബോഡ് ഒഴികെ) പരിശോധിച്ചിട്ടില്ല.

13. വേജ് ലിസ്റ്റ്
മസ്റ്റ റോൾ പ്രകാരമുള്ള വേജ് ലിസ്റ്റ് ഉണ്ടായിരുന്നു.

14.F TO
വേജ് ലിസ്റ്റ് പ്രകാരമുള്ളF TO ഉണ്ടായിരുന്നു.

15 .മെറ്റീരിയൽ വൗച്ചർ&ബിൽ
മെറ്റീരിയൽ ഇനത്തിൽ ബോർഡ്, വളം എന്നിവ ഉൾപ്പെടുത്തിയതിൽ ബോർഡിന്റെ ബില്ലും (മേറ്റ് എഴുതി നൽകിയത് ), നാമമാത്രമായി മാത്രം വളത്തിന്റെ ബില്ല് കാണപ്പെട്ടു.

16. റോയൽറ്റി
റോയൽറ്റി നൽകേണ്ട പ്രവർത്തി ഫയലുകൾ പരിശോധിച്ചിട്ടില്ല.

17.പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ
പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ എല്ലാ ഫയലുകളിലും ഉണ്ടായിരുന്നു.

18. പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം
പരിശോധിച്ച എല്ലാ ഫയലുകളിലും പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നു .പ്രവർത്തിയുടെ പേര്, കോഡ്, ആരംഭിച തിയതി, അവസാനിച്ച തിയതി, എസ്റ്റിമേറ്റ് തുക, ചെലവായ തുക എന്നീ വിവരങ്ങൾസാങ്കേതിക വിദഗ്ദ്ധൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

19. മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്
മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്പിൽ മസ്റ്റ റോൾ നമ്പർ, തിയതി, മെഷർമെന്റ്ൾ തീയതി, MIS ൽ upload ചെയ്ത തീയതി, 1st and IInd Signature എന്നിവ ഉണ്ടായിരുന്നു

.

20. ജിയോടാഗ് ഫോട്ടോഗ്രാഫ്
പരിശോധിച്ച ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ്

പരിശോധിച്ച ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

22. സൈറ്റ് ഡയറി .
പരിശോധിച്ച എല്ലാ ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നു.പ്രവർത്തി യുടെ പേര്, കോഡ്, ആരംഭിച്ച തിയതി, അവസാനിച്ച തിയതി, എസ്റ്റിമേറ്റ് തുക, ആ തൊഴിലാളികളുടെ പേരുവിവരം, പ്രോജക്ട് ഇനിഷ്യേറ്റീവ് വിശദാംശങ്ങൾ, VMC അംഗങ്ങളുടെ ഒപ്പ് എന്നീ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നു.

ചികിത്സാ ചിലവ് സംബന്ധിച്ച ,വിവരങ്ങൾ, വിജിലന്റ് സ്&മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നീ വിവരങ്ങൾ ഉണ്ടായിരുന്നില്ല. NREGA ഓവർസിയർ, വാർഡ് മെമ്പർ, വാർഡ് വികസന സമിതി അംഗങ്ങൾഎന്നിവർ മാത്രം പ്രവർത്തി സ്ഥലം സന്ദർശിച്ചതായി സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.VM C അംഗങ്ങൾ, ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ പ്രവർത്തി സ്ഥലം സന്ദർശിച്ചതിന്റെ രേഖപ്പെടുത്തലുകൾ സൈറ്റ് ഡയറിയിൽ ഉണ്ടായിരുന്നില്ല.

.

ഫീ.ൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ
1.കുറുപ്പംവീട് ഭാഗം വ്ക്ഷതൈ നടീൽ

എസ്ററിമേററ് പ്രകാരം 1681 ഫലവ്ക്ഷതൈകൾ നട്ടുപിടിപ്പിക്കുന്നതിനും എം ബുക്ക് പ്രകാരം ഇതിനുള്ള തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.
ഫീൽഡ് തല പരിശോധനയിൽ18 കുടുംബങ്ങ്അലളിലായി ഏകദേശം 938 തൈകൾ കാണാൻ കഴിഞ്ഞു. 743തൈകൾ വെള്ള പൊക്കത്തിൽ നശിച്ചു പോയതായി തൊഴിലാളികൾ അഭിപ്രായപെട്ടു.

2.കുറുപ്പംവീട് ഭാഗം ബ്ളോക്ക് പ്ളാൻറേഷൻ

എസ്ടിമെറ്റ് പ്രകാരം1681വൃക്ഷതൈകൾനട്ടു പിടിപ്പിക്കുന്നത്തിനുംപരിപലികുന്നതിനും ലക്ഷ്യമിടുന്നു എം ബുക്ക് പ്രകാരം ഇതിനുള്ള തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഫീൽഡ്തല പരിശോദനയില്17കുടുംബഗളിൽനിന്നും1377തൈകൾകണ്ടെതാൻകഴിഞ്ഞു.304 മുരിങ്ങചെടികള് വെള്ളത്തില് മുങ്ങിനശിച്ചുപോയതായി തൊഴിലാളികള് അഭിപ്രായപ്പെട്ടു.

3. ഇടത്തോടത്ത് ഭാഗം ബ്ലോക്ക്പ്ലാന്റെഷന്

എസ്ടിമെറ്റ് പ്രകാരം1972 വൃക്ഷതൈകള് നട്ടുപിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ലക്ഷ്യമിടുന്നു എം ബുക്ക് പ്രകാരം ഇതിനുള്ള തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഫീൽഡ്തലപരിശോധനയില്40 വീടുകളിലായി ഏകദേശം 1594 ചെടികള് കണ്ടെത്തുന്നതിനുകഴിഞ്ഞു താഴ്ന്ന പ്രദേശതു നട്ടുപരിപാലിച്ച 378 ചെടികള് വെള്ളം കയറി നശിച്ചു പോയതായിതൊഴിലാളികള് അഭിപ്രായപ്പെട്ടു.

4.മായിത്തറ ഭാഗം ബ്ലോക്ക്പ്ലന്റെഷൻ

എസ്റ്റിമേറ്റ് പ്രകാരം 1610 വൃക്ഷതൈകള് നട്ടുപരിപാലിക്കുന്നതിനു ലക്ഷ്യമിടുന്നു എം ബുക്ക് പ്രകാരം ഇതിനുള്ള തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.
ഫീൽഡ് തലപരിശഓധനയില് ഒരുപ്ലോട്ടിലും 47 വീടുകളിലയി ഏകദേശഅം1410 തൈകകള് കണ്ടെത്തുന്നതിനു കഴിഞ്ഞു.200 തൈകള്
വെള്ളം കയറിനശിചുപോയതായിതൊഴിലാളികള് അഭിപ്രായപ്പെട്ടു.

പ്ളാക്കുഴി ഭാഗംബ്ലോക്ക്പ്ലാന്റ്റേഷന്

എസ്റ്റിമേറ്റ് പ്രകാരം 2163 തൈകള്നട്ടു പരിപാലിക്കുന്നതിനു ലക്ഷ്യമിടുന്നു. എം ബുക്ക് പ്രകാരം ഇതിനുള്ള തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.
ഫീൽഡ് തലപരിശോധനയില് 58 വീടുകളിലായി ഏകദേശം2018 ചെടികള് കണ്ടെത്തുന്നതിന് കഴിഞ്ഞു. 145 ചെടികൾ വെള്ളം കയറി നശിച് പോയതായിതോഴിലാളികള് അഭിപ്രായപ്പെട്ടു.

തോണ്ടൽവെളി ഭാഗംബ്ലോക്ക് പ്ലാന്റ്റേഷന്

എസ്ടിമേറ്റ് പ്രകാരം 2100 വൃക്ഷതൈകള് നട്ടു പരിപാലിക്കുന്നതിനു ലക്ഷ്യമിടുന്നു. എം ബുക്ക് പ്രകാരം ഇതിനുള്ള തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഫീൽഡ്പരിശോധനയില്20 കുടുംബങ്ങളിലായി ഏകദേശ1636 ചെടികൾകണ്ടെത്തുന്നതിന് കഴിഞ്ഞു.

പള്ളത്ത്-പോക്കലപടം തോട് വെട്ടി വസങ്ങളില് തീറ്റപ്പുല്വച്ച്പിടിപ്പിക്കല്

650 മിറ്ററ് നീളത്തില്, 2 മിറ്ററ് വീതിയില് 0.35 മീറ്ററ് ആഴത്തില് തോട് വെട്ടി വശങ്ങളില് തീറ്റപ്പുല് നട്ടു പിടിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

തോട്ടിൽവെള്ളം നിറഞ്ഞുനിൽക്കുകയും ഇരു കരകളിലുമായി നടക്കാന് കഴിയാത്ത സാഹചര്യത്തില് തോടിന്റെ നിളംപൂർണമായി അളക്കാന് കഴിഞ്ഞില്ല. അളവെടുകാന് കഴിഞ്ഞ161 മീറ്ററില് തോട് വെട്ടിയിട്ടുള്ളതായും തീറ്റപ്പുല് നട്ടിട്ടുള്ളതായും കാണാന് കഴിഞ്ഞു

എ എസ് കനാൽ പ്ലക്കുഴി തോട് വെട്ടി വശങ്ങളില് തീറ്റപ്പുല് വച്ച് പിടിപ്പിക്കല്

600 മീറ്ററ് നീളത്തില് 2 മീറ്ററ് ആഴത്തില് തോട് വെട്ടി വശങ്ങളില് തീറ്റപ്പുല്വച്ച്

*പിടിപ്പിക്കുന്നതിനു ലക്ഷ്യമിടുന്നു*

*തോട്ടിൽവെള്ളം നിറഞ്ഞുനിൽക്കുകയും ഇരു കരകളിലുമായി നടക്കാന് കഴിയാത്ത സാഹചര്യത്തില് തോടിന്റെ നീളംപൂർണമായി അളക്കാന് കഴിഞ്ഞില്ല. അളവെടുകാന് കഴിഞ്ഞ 340 മീറ്ററില് തോട് വെ ട്ടിയിട്ടുള്ളതായും തീറ്റപ്പുല് നട്ടിട്ടുള്ളതായും കാണാന് കഴിഞ്ഞു*

*കോഞ്ചേരി മീങ്കുഴിപാടംതോട് വെട്ടിതീറ്റപ്പുൽനടീല് WH/320564v 1*

*850 മീറ്റര് നീളത്തില് 2 മീറ്റര് ആഴത്തില് തോട് വെട്ടി വശങ്ങളില് തീറ്റപ്പുല്വച്ച് പിടിപ്പിക്കുന്നതിനു ലക്ഷ്യമിടുന്നു*

*തോട്ടിൽവെള്ളം നിറഞ്ഞുനിൽക്കുകയും ഇരു കരകളിലുമായി നടക്കാന് കഴിയാത്ത സാഹചര്യത്തില് തോടിന്റെ നീളംപൂർണമായി അളക്കാന് കഴിഞ്ഞില്ല. അളവെടുകാന് കഴിഞ്ഞ 429 മീറ്ററില് തോട് വെ ട്ടിയിട്ടുള്ളതായും തീറ്റപ്പുല് നട്ടിട്ടുള്ളതായും കാണാന് കഴിഞ്ഞു*

*പ്ലാക്കുഴിഭാഗംതീറ്റപ്പുല്കൃഷി DP/275912*

*4000M2 ല് പുരയിടംവൃത്തിയാക്കി തീറ്റപ്പുല് നട്ടുപിടിപ്പിക്കുന്നതിനു ലക്ഷ്യമിടുന്നു*

3 ക്ഷീരകർഷകരുടെ ഭൂമിയില് എസ്റ്റിമേറ്റ് പ്രകാരമുള്ള തീറ്റപ്പുല്കൃഷി

കാണാൻ കഴിഞ്ഞു

ദാമോദരൻ,പതിചേരി

വാമനൻ,വട്ടപ്പറമ്പിൽ

സതീശൻ,അശ്വതിഭവൻ

കുറുപ്പംവീട്ഭാഗംതീറ്റപ്പുൽകൃഷി DP/275822

4000M2 ൽ പുരയിടംവൃത്തിയാക്കി തീറ്റപ്പുല് നട്ടുപിടിപ്പിക്കുന്നതിനു ലക്ഷ്യമിടുന്നു

3 ക്ക്ഷീരകർഷകരുടെ ഭൂമിയില് എസ്റ്റിമേറ്റ് പ്രകാരമുള്ള തീറ്റപ്പുല്കൃഷി

കാണാൻ കഴിഞ്ഞു

മറിയാമ്മമാത്യൂസ്

രവീന്ദ്രൻ,കുറുംപ്പംവീട്

ചന്ദ്യമതി നികർത്തിൽ

കുറുപ്പംവീട്ഭാഗംഇടത്തോട് വെട്ടിവസങ്ങളിൽതീറ്റപ്പുൽവച്ച് പിടിപ്പിക്കല്WH/320258

700 മീറ്റര് നീളത്തില് 5 മീറ്റര് ആഴത്തില് തോട് വെട്ടി വസങ്ങളില് തീറ്റപ്പുല്വച്ച് പിടിപ്പിക്കുന്നതിനു ലക്ഷ്യമിടുന്ന

തോട്ടിൽവെള്ളം നിറഞ്ഞുനിൽക്കുകയും ഇരു കരകളിലുമായി നടക്കാന് കഴിയാത്ത സാഹചര്യത്തില് തോടിന്റെ നീളംപൂർണമായി അളക്കാന് കഴിഞ്ഞില്ല.
അളവെടുകാന് കഴിഞ്ഞ 120 മീറ്ററില് തോടെ വെ

ട്ടിയിട്ടുള്ളതായും തീറ്റപ്പുല് നട്ടിട്ടുള്ളതായും കാണാന് കഴിഞ്ഞു

മായിത്തറഭാഗംതരിശുപറമ്പ്കൃഷിയോഗ്യമക്കല് LD/330704

എഎസ്റ്റിമേറ്റ് പ്രകാരം രണ്ടു പുരയിടങ്ങളിലായി 7000M2 ൽ തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനും വിഷരഹിതമായ പച്ചക്കറികൾൽപ്പാദിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

ഫീൽഡ് പരിശോധനയില് കൃഷിയോഗ്യമാക്കിയ പുരയിടത്തില് നാമമാത്രമായ പച്ചക്കറികൾ മാത്രമാണ് കാണാന് കഴിഞ്ഞത്.മാർച്ച്മാസത്തിൽപൂർത്തീകരിച്ച പ്രവർത്തിയിൽധാരാളം പച്ചക്കറികള് ഉണ്ടായിരുന്നു എന്നും വിളവെടുപ്പിനുശേഷം നശിച്ചു പോവുകയും കിളച്ചുവൃത്തിയായിയ കൃഷിഭൂമി മഴക്കാലമായപ്പോള് വീണ്ടും പുല്ലുപിടിച്ചതായും തൊഴിലാളികള് അഭിപ്രായപ്പെട്ടു.

ശാന്ത, കാട്ടിത്തറ IHHL RS/341551

എസ്റ്റിമേറ്റ് പ്രകാരം AAY ഗുണഭോക്താവിന് മെറ്റീരിയിൽ ഇനത്തിൽ 8748

രൂപയും വേതന ഇനത്തിൽ 3552 രൂപയും കൂടി 12000 രൂപ നൽകിയിട്ടുണ്ട്.

ഫീൽഡ് പരിശോധനയിൽ വ്യക്തിഗത കക്കൂസ് നിർമാണം പ്രവർത്തി നടന്നിട്ടുള്ളതായും ശാന്തി കാട്ടിത്തറയ്ക്ക് 12000 രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

അവകാശനിഷേധങ്ങൾ

തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട തൊഴിലിട സൌകര്യങ്ങളായ തണൽ, പ്രഥമ ശുശ്രൂഷ കിറ്റ്, കുടിവെള്ളം എന്നിവ തൊഴിലിടങ്ങളിൽ കാണാൻ കഴിഞ്ഞില്ല. തൊഴിലാളികൾ സ്വന്തം നിലയിൽ പിരിവ് എടുത്ത് ഇത്തരം സൌകര്യങ്ങൾ ഉറപ്പാക്കുന്നു. പണിയായുധങ്ങളുടെ വാടക തൊഴിലാളികൾക്ക് വർഷങ്ങളായി ലഭിക്കുന്നില്ല. തൊഴിൽ ആവശ്യപ്പെട്ടതിനുള്ള രസീത് ഒരു ഫയലിലും കാണാൻ കഴിഞ്ഞില്ല.

നിരീക്ഷണങ്ങളും കണ്ടെത്തലുകളും

ജോബ് കാർഡിൽ തൊഴിലാളികൾ ജോലി ചെയ്തതും വേതനം ലഭിച്ചതുമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

പാസ് ബുക്ക് കൃത്യമായി പതിപ്പിച്ചിട്ടില്ല

എല്ലാ പ്രവർത്തിസ്ഥലത്തും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിര്ന്നു.മെറ്റീരിയൽ രജിസ്റ്റർ പ്രകാരം വാർഡിലെ ഒരു മേറ്റിൻെറ അക്കൌണ്ടിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡിനുള്ള തുക (4പ്രവർത്തികളുടെ) നിക്ഷേപിച്ചിട്ടുണ്ട്.ഇതിൽ യാതൊരു പരാതിയും ഉണ്ടായിട്ടില്ല.

പ്രവർത്തിസ്ഥലത്ത്സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്സ്ഥാപിച്ചിരുന്നു.

മൂന്നു വർഷം തുടർച്ചയായി തൊഴിലാളികൾക്ക് വർഷത്തിൽ 100 ദിവസം തൊഴിൽ ലഭ്യമാകുന്ന തരത്തിൽ 3 വർഷം പരിപാലനം നൽകിയാണ് ഫലവൃക്ഷ തൈകൾ നട്ടുപിടിപ്പിക്കൽ പ്രവർത്തികൾ നടത്തുന്നത്. വിവിധയിനം ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിലൂടെ വിഷരഹിതമായ ഫലങ്ങൾ വരും തലമുറയ്ക്കും ലഭ്യമാകും. ഇതിലൂടെ മണ്ണിലേക്ക് ജലം എത്തുന്നതിനും അന്തരീക്ഷത്തിലെ ഓക്സിജൻ വർദ്ധിപ്പിക്കുന്നതിനും കഴിയും. ഇതോടൊപ്പം വ്യത്യസ്തമായ പ്രവർത്തികൾ നടപ്പാക്കുന്നതിനും (തോട് ആഴം കൂട്ടൽ, ക്ഷീരകർഷകർക്ക് തീറ്റപ്പുൽ കൃഷി) ശ്രമിച്ചിട്ടുണ്ട്.

ഫലവൃക്ഷതൈകൾ നട്ടുപിടിപ്പക്കൽ പ്രവർത്തികളിൽ സ്ഥലപരിമിതിക്കും താഴ്ന്ന സ്ഥലത്തിനും അനുയോജ്യമായ തരത്തിലുള്ള വൃക്ഷങ്ങൾ തെരഞ്ഞെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. കുറച്ച് സ്ഥലത്ത് കൂടുതൽ വൃക്ഷതൈകൾ നട്ടുപരിപാലിച്ചിരിക്കുന്നതായി കണ്ടെത്താൻ കഴിഞ്ഞു. ഇത് ചെടികളുടെ ശരിയായ വളർച്ചക്ക് തടസ്സം നിൽക്കുന്നു. പ്രസ്തുത പ്രവർത്തിയിൽ ശരിയായ വളപ്രയോഗം നടത്താൻ കഴഞ്ഞിട്ടില്ല. തൊഴിലാളികൾ സ്വന്തം കൈയ്യിൽ നിന്നും പണം പിരിച്ച് ചെടികൾക്ക് വളം നൽകേണ്ട അവസ്ഥയാണുള്ളത്. കൊടും വരൾച്ചയിലും മസ്റ്ററോൾ ഇല്ലാത്ത സമയങ്ങളിലും വറ്റി വരണ്ട കുളങ്ങൾ വെട്ടി

നട്ടു വളർത്തിയ ഫലവൃക്ഷതൈകൾ വിഷരഹിതമായ ഫലങ്ങൾ നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

# ഗ്രാമസഭ മിനുട്സ്

ചേർത്തല തെക്ക് പഞ്ചായത്ത്' 12-ാം വാർഡ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 18/9/2019 10-30 ന് P.സതീശന്റെ വസതിയിൽ വെച്ച് നടന്നുതൊഴിലാളികളിൽ . ഗീതാ പുരുഷോത്തമനെ അദ്ധ്യക്ഷയായി തെരഞ്ഞെടുത്ത .നിന്നും ശ്രീമതി വാർഡ് ..ശേഷം ഈശ്വര പ്രാർത്ഥനയോടെ യോഗനടപടികൾ ആരംഭിച്ചു തുടർന്ന്.മെമ്പർ സ്വാഗതവും അദ്ധ്യക്ഷ ഉപക്രമവും നടത്തി1/10/2018 മുതൽ 31/3/2019 വരെ പൂർത്തീകരിച്ച പ്രവർത്തി ഫയലുകളിൽ സൂക്ഷിക്കേണ്ട 22 രേഖകളെ കുറിച്ചും ഫീൽഡ് തലത്തിൽ കണ്ടെത്തിയ കാര്യങ്ങളും തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയും എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ ഫീൽഡ് തലത്തിൽ ഉറപ്പാക്കാൻ കഴിയണമെന്നും റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടു.

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ മേലുള്ള ചർച്ചയിൽ തൊഴിലാളികൾ, മേറ്റു മാർ, മറ്റുള്ളവർ പങ്കെടുത്തു.

ചർച്ച
മേരിക്കുട്ടി ബർണാഡ്
വീട് വാർക്കൽ കഴിഞ്ഞപ്പോൾ 14 ദിവസത്തെ വേതനം മാത്രമാണ് ലഭിച്ചത്.
മാലതി
തൊഴിലുറപ്പിന് കൃത്യമായി കൂലി ലഭിക്കുന്നില്ല .14 ദിവസത്തെ വേതനം മാത്രമാണ് ലഭിച്ചത്.
ബീനചന്ദ്രൻ
തൊഴിലുറപ്പിൽ ക്ഷീര കർഷകർക്ക് തീറ്റപ്പുൽകൃഷി അനുവദിക്കണം
സൈരന്ധ്രി
തൊഴുത്ത് നിർമ്മിച്ചിട്ട് തുക ലഭിച്ചിട്ടില്ല.
സരള
മേറ്റു മാർക്ക് വേതനം ലഭിക്കണം
കുഞ്ഞപ്പൻ
കുളങ്ങൾ എല്ലായിടത്തും വൃത്തികേടാക്കി ഇട്ടിരിക്കുന്നുകുളങ്ങൾ . വൃത്തിയാക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയിൽ അവസരം ഉണ്ടാകണം .കൃഷിക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

വിലാസിനി, രാജമ്മ എന്നിവർ കൂലി ലഭിച്ചിട്ടില്ലെന്നും ഉപകരണവാടക, Firstaid, കുടിവെള്ളം എന്നിവ ലഭിക്കുന്നില്ലെന്നും പരാതിപ്പെട്ടു.

തൊഴിലാളികളുടെ സംശയങ്ങൾക്ക് ഓവർസിയർ ഷൈലജ മറുപടി നൽകി. ഇടത്തോടത്ത് ഭാഗം, പ്ലാക്കുഴിഭാഗം വൃക്ഷ തൈ നടീൽ പ്രവർത്തികളിൽ Geo tag ചെയത സമയത്ത് അസുഖം ബാധിച്ചതിനാൽ Geo tagമാറി പോയതിനാൽ ബോർഡുകൾ മാറ്റി സ്ഥാപിക്കേണ്ടി വന്നുനഴ്സറിയിൽ ഉല്പാദിപ്പി .ച്ച തൈകൾ ആണ് വൃക്ഷതൈ നടീൽ പ്രവർത്തികളിൽ നട്ടുപിടിപ്പിച്ചത്ലൈഫ് . വീടുകൾക്ക് ഓരോ ഘട്ടവും പൂർത്തിയാകുന്ന മുറയ്ക്ക്MRoll നൽകുകയുംF T0 കൃത്യമായി അയയ്ക്കുകയും ചെയ്യുന്നുണ്ട്ഫണ്ട് ഇല്ലാത്തതിനാലാണ്ട് . ക്ഷീര കർഷകർക്ക് തീറ്റപ്പുൽകൃഷി പദ്ധതിയിൽ .തുക ലഭിക്കാത്തത് ഉൾപ്പെടുത്തിയിട്ടുണ്ട് ക്കാത്തത്തൊഴുത്തിന് തുക ലഭി.Material Fundലഭിക്കാത്തതിനാലാണ്വിലാസിനി ., രാജമ്മ എന്നിവർക്ക് ചെയ്ത പ്രവർത്തിയുടെ തുക അനുവദിച്ചിട്ടുണ്ട്ഉപകരണവാടക ., കുടിവെള്ളം എന്നിവയ്ക്കുള്ള തുക നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഉൾപ്പെടുത്താം

JBD0

തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കണം . ജോലി എസ്റ്റിമേറ്റിനേക്കാൾ10% കുറവാണെങ്കിൽ മുഴുവൻ തുകയും നൽകാൻ കഴിയുമെന്നും 20% കുറവാണെങ്കിൽ 50% മാത്രമേ നൽകാൻ കഴിയൂവെന്നും അറിയിച്ചു അടുത്ത തവണ.socialaudi tനടക്കുമ്പോൾ പ്രവർത്തികൾ കൂടുതൽ മെച്ചപ്പെടുത്തണം .Admin Fund, material Fundഎന്നിവ കൃത്യമായി ലഭിക്കുന്നില്ലെന്നും ജീവനക്കാർക്ക് കഴിഞ്ഞ 7 മാസമായി പഞ്ചായത്തുകൾ സ്വന്തം ഫണ്ടിൽ നിന്നും ശമ്പളം നൽകുന്നതായും അറിയിച്ചു.2 കോടി രൂപ ചിലവഴിക്കുമ്പോഴുള്ള 6 ജീവനക്കാർ മാത്രമാണ് ഇപ്പോഴുള്ളതെന്നും പ്രവർത്തികൾ കൂടുന്നതിനു അനുസരിച്ച് ജീവനക്കാരുടെ എണ്ണത്തിൽവർദ്ധനവ് ഉണ്ടായിട്ടില്ലെന്നും ഇത് പദ്ധതിയുടെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നതായും അറിയിച്ചു.

തുടർന്ന് സോഷ്യൽ ഓഡിറ്റ് സമിതി അംഗങ്ങളെ തെരഞ്ഞെടുത്തു.
I. എലിശ, പുല്ലുരുത്തിക്കരി
2 .വിനിത, പുത്തൻ വെളി
3. കൃഷ്ണമ്മ, ഈനക്കര
4. അമ്പിളി, പുത്തൻപറമ്പ്
5. ബാബു, പുത്തൻപറമ്പ്
6. അമ്പിളി, പുതുവൽ വെളി
7.പ്രീത, പുത്തൻപറമ്പ്
8. ജമിനി, ഉള്ളാടശ്ശേരി
9. ബിന്ദു പുഷ്പൻ, കായിക്കര വെളി

തീരുമാനങ്ങൾ

1. തൊഴിലുറപ്പിനുള്ള അപേക്ഷയിൽ രസീത് സൂക്ഷിക്കുവാൻ തീരുമാനിച്ചു.

2. മസ്റ്റ റോളിൽ രണ്ടു പ്രാവശ്യം (രാവിലെയും വൈകുന്നേരവും) .ഒപ്പിടുവിക്കുവാൻ തീരുമാനിച്ചു
3. പുതിയ തൊഴിൽ കാർഡ് ലഭിക്കാത്തവർക്ക് ലഭ്യമാക്കുന്നതിന് തീരുമാനിച്ചു.
4. തൊഴിലിടം സൗകര്യങ്ങളായ പ്രഥമ ശുശ്രൂഷ,കുടിവെള്ളം, തണൽ തൊഴിലുപകരണങ്ങളുടെ വാടക, ചികിത്സാ ചിലവ് എന്നിവ നൽകുന്നതിന് തീരുമാനിച്ചു.
5. വൃക്ഷ തൈകൾ നടീൽ പ്രവർത്തികളിൽ MBook പ്രകാരമുള്ള തൈകൾ പരിപാലിക്കുന്നതിനും, സ്ഥല ഉടമയുമായി കരാർ വയ്ക്കുന്നതിനും, വളം, ചെടികൾ വാങ്ങുന്നതിനുള്ള തുക എന്നിവ നൽകുന്നതിന് തീരുമാനിച്ചു.
6 .തൊഴിൽ കാർഡിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കുവാൻ നിർദ്ദേശിച് തീരുമാനിച്ചു.
7. VM C അംഗങ്ങൾ പ്രവർത്തിയിടങ്ങൾ സന്ദർശിച റിപ്പോർട്ട് നൽകുവാൻ തീരുമാനിച്ചു.

ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭ അംഗീകരിക്കുകയും സരള നന്ദി രേഖപ്പെടുത്തുകയും ചെയ്ത സോഷ്യൽ ശേഷം 1-30ന് യോഗം അവസാനിച്ചു.

സീന.കെ.ആർ ബി ആർ പി